ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

കൈത്താക്കാലം - 2017

Vol.9 Issue 4



2017 - കൈത്താക്കാലം

പ്രാർത്ഥനാശംസകൾ



ഈശോയെ സ്വീകരിച്ച
ലൂക്ക് നോബിളിനും, അലക്സ് മാത്യുവിനും ജേക്കബ് നോബിളിനും
പ്രാർത്ഥനാശംസകൾ

**കുമ്പുക്കൽ ഫാമിലി**

1-ാം ചരമ വാർഷികം



**ജോമിൻ ജോസഫ്**
**ഇഞ്ചിയിൽ**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമെ.

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 6 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2017 ആഗസ്റ്റ് ലക്കം

## മുഖമൊഴി

## സ്ത്രീ 'ശ്രീ' യാണ്: കാവലാവുക

*സഹസ്രാബ്ദങ്ങൾക്കുമുമ്പ് മനുസ്മൃതിയിൽ എഴുതപ്പെട്ട വാചകങ്ങൾ ഇപ്രകാരമാണ്. 'പിതാ രക്ഷതി കൗമാരേ, ഭർത്താ രക്ഷതി യൗവനേ, പുത്രോ രക്ഷതി വാർദ്ധ്യക്യേ, ന സ്ത്രീ സ്വാതന്ത്ര്യ മർഹതി' ഉത്തരാധുനികയുഗം എന്നു വിളിക്കപ്പെടുന്ന ഈ കാലഘട്ടത്തിലും ഇത് ആവർത്തിക്കപ്പെടുമ്പോൾ, കാലചക്രത്തിന്റെ ഗതിയിൽ മാത്രമേ മാറ്റമുള്ളുവെന്നും, മൂല്യത്തിലും, ചിന്തയിലും അതൊരുപാട് ദൂരം പിന്നിലാണെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും ഉന്നമനത്തെക്കുറിച്ചും കേവല പ്രസംഗങ്ങൾ വാതോരാതെ തുടർന്നുകൊണ്ടിരിക്കുമ്പോഴും സമൂഹത്തിന്റെ അടിത്തട്ടിൽ ഉറച്ചുപോയ മുൻധാരണകൾക്കും മുൻവിധികൾക്കും ഇനിയും വലിയ മാറ്റങ്ങൾ വന്നിട്ടില്ല. സാങ്കേതിക വിദ്യയും ശാസ്ത്രവും ആകാശസീമകൾ കീഴടക്കുമ്പോഴും സ്ത്രീ എന്ന വിശേഷണത്തിനു കീഴിൽ അടിച്ചമർത്തപ്പെട്ട് പീഡിതരായ ഒരു വിഭാഗമായി സ്ത്രീത്വം മാറിക്കൊണ്ടിരിക്കുകയാണ്.*

*നിയമനടപടികളിലേക്കുപോയി, കേരളം പകച്ചുനിൽക്കുന്ന കേസ്, പ്രശസ്തയായ ഒരു നടിയെ യാത്രചെയ്തുകൊണ്ടിരുന്ന കാറിൽ തട്ടിക്കൊണ്ടുപോയി ആക്രമിച്ച സംഭവം. ഏറ്റവും സുരക്ഷിതമായ ഒരു സാഹചര്യത്തിൽ, പ്രശസ്തിയും ആൾബലവും സമ്പത്തും ഉള്ള സ്ത്രീ ഉപദ്രവിക്കപ്പെട്ടിരിക്കുന്നു.*


*പ്രശസ്തിയുടെ ഉന്നതങ്ങളിൽ നിൽക്കുന്ന സ്ത്രീ പോലും സുരക്ഷിതയല്ലാത്ത ഒരു സാഹചര്യത്തിൽ ഒരു സാധാരണ സ്ത്രീയുടെ അവസ്ഥയെന്തെന്ന് ചിന്തിക്കാവുന്നതാണ്. വാൽസല്യവും, സ്നേഹവും, അനുകമ്പയും എല്ലാം കാമതൃഷ്ണയ്ക്ക് മുമ്പിൽ തല കുനിക്കുന്നു. ഓരോ അതിക്രമങ്ങളും അവളുടെ ശരീരത്തെ മാത്രമല്ല മനസ്സിനേയും കൂടിയാണ് തളർത്തുന്നത്.*

*ചർച്ചകളേക്കാളുപരി പ്രവർത്തനങ്ങളാണു പ്രധാനം. മാറ്റം തുടങ്ങേണ്ടതു സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽനിന്നാണ്. അതായത് കുടുംബങ്ങളിൽ നിന്ന്. വളർന്നു വരുന്ന ഓരോ ആൺകുട്ടിയും പെൺകുട്ടികൾ ആരാണ്, അവരോട് എങ്ങനെ പെരുമാറണമെന്ന് മനസ്സിലാക്കണം. അമ്മയോടുള്ള അപ്പന്റെ സ്നേഹപൂർവ്വമായ പെരുമാറ്റവും സ്ത്രീ അടിമയല്ല മറിച്ച് തുല്ല്യ പങ്കാളിയാണെന്ന് അവനു പഠിപ്പിച്ചുകൊടുക്കണം. കുട്ടികളുടെ ചിന്താഗതിയും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിലും ശരിയായ ദിശയിൽ വളർത്തിയെടുക്കുന്നതിനും, നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു. സഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി സ്ത്രീയെ മാറ്റിനിർത്തുന്ന അപക്വചിന്തകളെ ദൂരെയെറിയണം. ദൈവത്തിന്റെ ഉദാത്തമായ സൃഷ്ടിയായി കാണണം. പഴകിയതും ജീർണ്ണിച്ചതുമായ വിശ്വാസപ്രമാണങ്ങൾക്ക് പ്രകാശം നൽകിയാൽ ഒരു പരിധിവരെയെങ്കിലും സ്ത്രീകൾക്ക് നേരേയുള്ള അടിച്ചമർത്തലുകളേയും അനീതികളേയും ചെറുത്തുതോൽപ്പിക്കാൻ സാധിക്കും. അങ്ങനെ തെളിഞ്ഞ പകലുകളിൽ സ്ത്രീ 'ശ്രീ' യാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.*



## ഇടയമൊഴി

ഈശോയിൽ പ്രിയ സ്നേഹിതരേ,



ശ്ലീഹാക്കാലത്തിനുശേഷം വരുന്ന കൈത്താക്കാലം സഭ വളർന്ന് ഫലം ചൂടിനിൽക്കുന്ന കാലഘട്ടത്തെയാണ് ഓർമ്മിപ്പിക്കുന്നത്. സഭയെ സംബന്ധിച്ചിടത്തോളം വളർച്ചയെന്നാൽ അംഗങ്ങൾ കൂടുന്നതോ, സമ്പത്തും സ്വാധീനശക്തിയും വർദ്ധിക്കുന്നതോ അല്ല. സഭയുടെ വളർച്ച സഭാമക്കളുടെ ആത്മീയ നവീകരണത്തിൽ അടങ്ങിയിരിക്കുന്നു. ഓരോ ഹൃദയത്തിലും ദൈവരാജ്യം വിടരുമ്പോൾ, ഓരോരുത്തരും ദൈവഹിതത്തിന് ആമ്മേൻ പറയുമ്പോൾ സഭ വളരുകയായി. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്തോഷത്തിന്റെയുമൊക്കെ ഫലങ്ങൾ അപ്പോൾ സഭയിൽ നിറഞ്ഞുകാണാം. കൈത്താക്കാലം അതുകൊണ്ട് ആന്തരിക വിശുദ്ധീകരണത്തിന്റെയും ആത്മപരിശോധനയുടെയും കാലമാണ്.

ഇപ്രാവശ്യം വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളോടുകൂടിയാണ് കൈത്താക്കാലം സമാഗതമാകുന്നത്. നമ്മുടെ ദേശത്തോടും കാലഘട്ടത്തോടും വളരെ അടുത്തുനില്ക്കുന്ന അൽഫോൻസാമ്മയുടെ ജീവിത മാതൃക ദൈവേഷ്ടം നിറവേറ്റുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായുള്ള 15 നോമ്പും, പിറവിത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പും ഈ കാലഘട്ടത്തിലാണ് ആചരിക്കപ്പെടുക. കളങ്കരഹിതയും മഹത്വപൂർണ്ണയുമായ പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

ക്രൈസ്തവ കുടുംബമാണ് സഭയുടെ അടിസ്ഥാന ഘടകം. അവിടെയാണ് മാതാപിതാക്കളും മക്കളും ഈശോയിൽ ഒന്നുചേർന്ന് വസിക്കുന്നത്. കുടുംബാംഗങ്ങൾ ഒന്നിച്ച് ചേർന്ന് പ്രാർത്ഥിക്കുമ്പോഴാണ് ഗാർഹിക സഭയുടെ മുഖം ഏറ്റവും കൂടുതൽ പ്രകാശിതമാകുന്നത്. നാഥനും രക്ഷകനുമായ ഈശോ

യിൽ ഒന്നുചേർന്ന് ദൈവപിതാവിനെ മഹത്ത്വപ്പെടുത്തുന്ന നിമിഷങ്ങളാണത്. അനുഗ്രഹത്തിന്റെയും സൗഭാഗ്യത്തിന്റെതുമായ ഈ സമയം നമ്മുടെ ഒരു ഭവനത്തിനും അന്യമാകാതിരിക്കട്ടെ.

കുടുംബ പ്രാർത്ഥന ദൈവമക്കൾ ഒന്നുചേർന്ന് സ്നേഹപിതാവായ ദൈവത്തോട് നടത്തുന്ന സ്നേഹസംഭാഷണമാണ്. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനില്ക്കും. അവിടെ സാഹോദര്യവും സ്നേഹവും ഐക്യവുമുണ്ടാകും. 133-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നതുപോലെ

"സഹോദരർ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത്

എത്രവിശിഷ്ടവും സന്തോഷപ്രദവുമാണ്....

സീയോൻ പർവതങ്ങളിൽ പൊഴിയുന്ന ഹെർമോൻ തുഷാരം പോലെയാണത്. അവിടെയാണ് കർത്താവ് തന്റെ അനുഗ്രഹവും അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത്."

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

# അഭിനന്ദനങ്ങൾ!!


***CBSE 10 -ാം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയവർ***




**കൃപ മറിയം മാത്യു**
വടക്കയിൽ



**ജേക്കബ് തോമസ്**
തേക്കുംതോട്ടം



**മാത്യു ജേക്കബ്**
പുതുപ്പറമ്പിൽ



**അമലു ജേക്കബ്**
പുതുപ്പള്ളിൽ

## വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ഫലാഗമക്കാലം തുടങ്ങുകയാണ്. അപ്പസ്തോലന്മാരുടെയും പിൻഗാമികളുടെയും പ്രേഷിതപ്രവർത്തനം വഴിയും വിശുദ്ധജീവിതസാക്ഷ്യം വഴിയും വിശ്വാസത്തിന്റെ ഫലങ്ങളാൽ സമ്പന്നമായ സഭാലക്ഷ്യത്തെയാണ് നാം ഈ കൈത്താക്കാലത്തിൽ അനുസ്മരിക്കുന്നത്. സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് അപ്പസ്തോലന്മാരാകയാൽ കൈത്താക്കാലത്തിന്റെ ആദ്യ ഞായറാഴ്ച പന്ത്രണ്ട് അപ്പസ്തോലന്മാരെയാണ് അനുസ്മരിക്കുക. ആ കാലത്തിലെ വെള്ളിയാഴ്ചകളെല്ലാം അപ്പസ്തോലന്മാരെയും സഭയ്ക്കായി ജീവനർപ്പിച്ച രക്തസാക്ഷികളുടെയും ഓർമ്മയാചരണത്തിനായി മാറ്റിവച്ചിരിക്കുന്നു. കാരണം, ജീവൻ ത്യജിച്ചുകൊണ്ടുള്ള അവരുടെ ക്രിസ്തുസാക്ഷ്യമാണ് സഭയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്.

ലോകത്തിന്റെ അതിർത്തികൾ വരെ വ്യാപിച്ചുകിടക്കുന്ന സഭയെ ധ്യാനിച്ചുകൊണ്ട് അവളുടെ വളർച്ചയ്ക്കായി പ്രാർത്ഥിക്കാൻ സഭ ഈ കാലഘട്ടത്തിൽ തന്റെ തനയരോട് ആഹ്വാനം ചെയ്യുന്നു. വിശ്വാസത്തിന്റെ മേഖലയിലെ പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് ആദർശധീരതയോടും അഭിമാനത്തോടുംകൂടെ ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനും പ്രായശ്ചിത്ത പ്രവൃ ത്തികളിലൂടെ ആത്മീയ പരിപോഷണത്തിനും, പാപപ്രേരണകൾ ഉപേക്ഷിക്കുവാനും കൈത്താക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ കാലത്ത് സഭ ഈ വിധം പ്രാർത്ഥിക്കുന്നു. പ്രിയങ്കരങ്ങളായ സുകൃതങ്ങൾ ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും പരിമളം പരത്തുവാൻ കൃപ ചെയ്യണമേ. അങ്ങേയ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ട് ഞങ്ങൾ ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പും ആകുവാൻ അങ്ങുതന്നെ ഞങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെ.

## ഇടവക വിശേഷങ്ങളിലൂടെ



### വിശേഷദിനങ്ങൾ

| | | | |
|---|---|---|---|
| ജൂലൈ | 23 | - | 12 ശ്ലീഹന്മാരുടെ തിരുനാൾ |
| | 25 | - | വി. യാക്കോബ് ശ്ലീഹാ |
| | 26 | - | വി. യോവാക്കിവും വി. അന്നയും |
| | 28 | - | വി. അൽഫോൻസാ |
| ആഗസ്റ്റ് | 4 | - | മാർ മാറി |
| | 4 | - | വി. ജോൺ മരിയാ വിയാനി |
| | 6 | - | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| | 15 | - | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| | 24 | - | വി. ബർത്തലോമിയോ ശ്ലീഹാ |
| | 25 | - | വി. ശ്മോനിയും ഏഴുമക്കളും |
| | 29 | - | വി. എവുപ്രാസ്യാ |
| സെപ്റ്റംബർ | 1 | - | എട്ടുനോമ്പാരംഭം |
| | | - | വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും |
| | 5 | - | കൊൽക്കത്തയിലെ വി.തെരേസാ |
| | 8 | - | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |

## സാരഥി

1 ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 7500/- രൂപ നല്കി.

2. സുഖമില്ലാതെ കിടപ്പിലായിരുന്ന ഒരാളുടെ വീട്ടിൽ അരിയും പലചരക്ക് സാധനങ്ങളും നല്കി.

3. സാരഥി അംഗങ്ങൾ പള്ളിയും സെമിത്തേരിയും വൃത്തിയാക്കുന്നതിന് സഹകരിച്ചു.

## എസ്.എം.വൈ.എം
## യുവദീപ്തി

1. **അച്ചീവ്മെന്റ് അവാർഡ്**
   10,12 ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഇടവകയിലെ കുട്ടികൾക്ക് മെഡൽ നൽകുകയും ആശംസ നേരുകയും ചെയ്തു.
2. **അംഗത്വം നൽകി**
   11,12 ക്ലാസുകളിൽ നിന്ന് സംഘടനയിലേക്ക് പുതുതായി വന്ന ആളുകൾക്ക് അംഗത്വം നൽകി. നവാഗതർക്ക് ബഹു.കൊച്ചച്ചന്റെ നേതൃത്വത്തിലുള്ള സമ്മേളനത്തിൽ സ്വീകരണം നൽകി.
3. **ഫീസ്റ്റ് ആഘോഷം**
   ജൂലൈ 3 സെന്റ് തോമസ് ഡേയിൽ ബഹു. തോമസ് ഈറ്റോലിൽ അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു.
4. **യുവജനദിനാഘോഷം**
   2-6-2017 യുവദീപ്തിയുടെ മദ്ധ്യസ്ഥനായ വി.തോമസ് മൂറിന്റെ തിരുനാൾ ദിവസം യുവജനദിനമായി ആഘോഷിക്കുകയും അന്നേ ദിവസം കൂടിയ സമ്മേളനത്തിൽ ബഹു. ജോസഫ് അറയ്ക്കപ്പറമ്പിൽ അച്ചൻ സന്ദേശം നൽകുകയും ചെയ്തു.

*അഖിൽ കൊല്ലമല (സെക്രട്ടറി)*

## മാതൃവേദി

1. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് എസ്.എച്ച്.യു.പി. സ്കൂളിന് 10,000/- രൂപാ നൽകി.
2. ദുക്റാനത്തിരുമനാളിനോടനുബന്ധിച്ച് പള്ളിയിലെ വിളക്ക് തേച്ചുവൃത്തിയാക്കി.
3. പൊൻകുന്നത്തുവച്ചു നടന്ന ഫൊറോനാ മതാദ്ധ്യാപക സെമിനാറിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു.
4. 14-7-2017 ൽ നമ്മുടെ ഇടവകയിൽ വച്ച് മാതൃവേദിയുടെ ഫൊറോന അസംബ്ലി നടത്തി.

*ബിന്ദു തേക്കുംതോട്ടം (സെക്രട്ടറി)*

# സൺഡേ സ്കൂൾ

1. മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ജൂലൈ 3-ാം തീയതി സമുചിതം ആചരിച്ചു.
2. ഈ വർഷത്തെ ലോഗോസ് ക്വിസ് സെപ്റ്റംബർ 24-ാം തീയതി നടക്കുന്നതാണ്. രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവർക്ക് ജൂലൈ 30 ന് മുമ്പ് സൺഡേ സ്കൂൾ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

   പാഠഭാഗങ്ങൾ:- സംഖ്യ 22-36, സുഭാഷിതങ്ങൾ 21-31, മത്തായി 1-9, വെളിപാട് 4-9 അദ്ധ്യായങ്ങൾ.
3. സൺഡേസ്കൂളിലെ ഈ വർഷത്തെ അദ്ധ്യാപക രക്ഷാകർത്തൃ സമ്മേളനം ജൂലൈ 30-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തുന്നതാണ്.
4. ഈ അദ്ധ്യയന വർഷത്തെ ഇടവകതല ബൈബിൾ കലോത്സവം ആഗസ്റ്റ് 20 ന് നടത്തുന്നതാണ്.
5. 9-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടിയുള്ള മരിയൻ തീർത്ഥാടനം സെപ്റ്റംബർ 2 ന് നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## അനുഗ്രഹ സ്മരണ





*ഒരു വിശ്വാസി*

# അസോവ

സംഘടനയുടെ നാലാമത് കമ്മിറ്റിയോഗം 2-5-17 ൽ വൈസ് പ്രസിഡന്റ് വാലുമ്മേൽ വി.റ്റി. ജേക്കബിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് എ.റ്റി ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചകളിൽ എടുത്തു തീരുമാനങ്ങൾ.

1) സംഘടനയ്ക്കു പ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിനു 'Mutual Benefit Fund Scheme' ഉടൻ ആരംഭിക്കുക.

2) പൊൻകുന്നം സർവ്വീസ് സഹകരണ ബാങ്കിൽ സംഘടനയ്ക്കു വേണ്ടി എസ്.ബി. അക്കൗണ്ട് തുടങ്ങുക.

സംഘടനയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ട ചക്കവിഭവങ്ങളുടെ പാചക പരിശീലന ക്ലാസ്സിന്റെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു. ജന്മദിന വാർഷികം ആഘോഷിക്കുന്ന വൈസ് പ്രസിഡന്റ് വാലുമ്മേൽ വി.റ്റി. ജേക്കബിനും, സെക്രട്ടറി പുളിക്കൽ പി.സി. ചാക്കോയ്ക്കും നമ്മുടെ ഡയറക്ടർ റവ.ഫാ. ജോസഫ് വെള്ളമറ്റം ആശംസകൾ നല്കി. നമ്മുടെ സംഘടനയ്ക്കു എപ്പോഴും ഊർജ്ജം നല്കിക്കൊണ്ടിരിക്കുന്ന റവ. ഫാ. തോമസ് ഈറ്റോലിയുടെയും അസി. വികാരി റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിലിന്റെയും നിറഞ്ഞ സാന്നിദ്ധ്യം ആഘോഷ പരിപാടികളെ കൂടുതൽ ആനന്ദദായകമാക്കി. കെ.വി മാത്യു കാച്ചപ്പള്ളി നന്ദി പ്രകാശിപ്പിച്ചു. ചാക്കോച്ചനും സഹധർമ്മിണി പുഷ്പ ടീച്ചറും തയ്യാറാക്കിയ വിഭവസമൃദ്ധമായ സ്നേഹവിരുന്നോടുകൂടി യോഗ പരിപാടികൾ രാത്രി 9 നു സമാപിച്ചു.

**പി.സി. ചാക്കോ, പുളിക്കൽ (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

ചികിത്സാ സഹായമായി 8 പേർക്ക് 50000/- രൂപയും വിദ്യാഭ്യാസത്തിനായി 7 പേർക്ക് 28000/ രൂപയും ഭവനനിർമ്മാണത്തിനായി 2 പേർക്ക് 25150/-രൂപയും നൽകി.

## ചെറുപുഷ്പ മിഷൻലീഗ്

1 10 കുടുംബങ്ങൾക്ക് പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.

2. രൂപതാ മിഷൻലീഗ് സമ്മേളനത്തിൽ നമ്മുടെ ഭാരവാഹികൾ സംബന്ധിച്ചു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## സി. വൈ. എം. എ.

സി.വൈ.എം.എ യുടെ 64-ാമത് വാർഷിക പൊതുയോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും പാസാക്കി. 2017-18 വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. യോഗത്തിൽ ഡയറക്ടർ റവ.ഫാ. ജോസഫ് വെള്ളമറ്റം പ്രസംഗിച്ചു. നിലവിലുള്ള പ്രസിഡന്റ് ശ്രീ മാത്യു പന്തിരുവേലി, സെക്രട്ടറി റ്റിജോ തേക്കുംതോട്ടം, ട്രഷറർ സജി മൂക്കിലിക്കാട്ട് എന്നിവർ ഈ വർഷവും തുടരുന്നതിന് യോഗം തീരുമാനിച്ചു. ഡയറക്ടർ ബോർഡ് അംഗങ്ങളായി ശ്രീ ജിജോ ജോസഫ് കളപ്പുരയ്ക്കൽ, ജോസഫ് തോമസ് കുരീക്കാട്ട്, റ്റോം. പി. സെബാസ്റ്റ്യൻ പുതുപ്പള്ളി, പി.എം. ജോൺ പന്തിരുവേലി, സോജൻ മാത്യു നടയ്ക്കൽ, വി.ഡി. തോമസ് കളരിയ്ക്കൽ, സണ്ണി ചിങ്ങംപറമ്പിൽ, ജയൻ ഉറുമ്പടയിൽ, ജോജി മണിയങ്കേരിൽ, അപ്പു പുളിയൻകുന്നേൽ, നിർമ്മൽ മാറാട്ടുകുളം, റ്റോണി മുട്ടത്തുകുന്നേൽ എന്നിവരേയും തെരഞ്ഞെടുത്തു.

3-7-2017 ദുക്റാന തിരുനാൾ ദിനത്തിൽ കൂടിയ പൊതുയോഗത്തിൽ ഡയറക്ടർ റവ.ഫാ.ജോസഫ് വെള്ളമറ്റത്തിന്റെ മുമ്പാകെ

പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു. യോഗത്തിൽ റവ.ഫാ.തോമസ് ഈറ്റോലിൽ മുഖ്യാഥിധിയായിരുന്നു. അന്നേദിവസം തോമസ് നാമധാരികളെ ആദരിയ്ക്കലും കാപ്പിസൽക്കാരവും നടത്തി. അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.സിജോ അറയ്ക്കപറമ്പിലും യോഗത്തിൽ സന്നിഹിതനായിരുന്നു.

സി.വൈ.എ. ബഡ്ജറ്റ് പൊതുയോഗം 16-7-2017 ൽ നടത്തി.

സി.വൈ.എം.എ യുടെ വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 13 വെള്ളിയാഴ്ച വൈകിട്ട് പുറപ്പെട്ട് 15 ന് ഞായറാഴ്ച രാത്രി തിരിച്ചെത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ സി.വൈ.എം.എ ഓഫീസുമായി ബന്ധപ്പെടുക.

*ജന. സെക്രട്ടറി, സി.വൈ.എം.എ*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. മോനിക്ക - കണികുന്നേൽ
2. റോസ് - വയലിൽ
3. വർഗീസ് - എബ്രാംമഠത്തിൽ
4. അന്നമ്മ - പുളിന്താനത്ത്
5. മറിയം - ചിറയ്ക്കലാത്ത്
6. ജോസഫ് - മട്ടയ്ക്കൽ
7. ജോസഫ് - പുതുപ്പറമ്പിൽ
8. കാതറിൻ - കുരീക്കാട്ട്
9. കാർമലിൻ - കല്ലുങ്കൽ
10. സിറിയക് - പൊടിമറ്റത്തിൽ
11. തോമസ് - കട്ടക്കയം പുത്തൻപുരയ്ക്കൽ



## നമ്മൾ ഒന്നായി

1. എബി - മെറിൻ വടക്കേടം
2. സോണി - ആരതി മാമ്പ്രയിൽ
3. ജിബിൻ - അഞ്ചു എഴുത്തുപള്ളിക്കൽ
4. ജാക്സ് - അലീന പഴൂർ

## ഓർമ്മകളിലേയ്ക്ക്

1. അന്നമ്മ - പ്ലാക്കൽ
2. സി. ക്രസ്റ്റോസ്റ്റം - നെല്ലിക്കൽ
3. സി. ക്ലിമാക്കൂസ് - മുതുപ്ലാക്കൽ
4. ജോസഫ് - കൊച്ചോടയ്ക്കൽ
5. മത്തായി - കൊച്ചുപറമ്പിൽ
6. അന്നക്കുട്ടി - ചിറ്റേട്ട്

# ഇന്നത്തെ സുവിശേഷം

| | | |
|---|---|---|
| ജൂലൈ 23- | ലൂക്കാ | 14:7-14 |
| ജൂലൈ 24- | മത്താ. | 21:28-32 |
| ജൂലൈ 25- | മത്താ. | 20:20-28 |
| ജൂലൈ 26- | മത്താ. | 1:1-16 |
| ജൂലൈ 27- | യോഹ. | 8:48-59 |
| ജൂലൈ 28- | യോഹ. | 12:20-26 |
| ജൂലൈ 29- | മർക്കോ | 2:1-12 |
| ജൂലൈ 30- | ലൂക്കാ | 15:11-32 |
| ജൂലൈ 31- | മത്താ. | 7:21-28 |
| ആഗസ്റ്റ് 01- | ലൂക്കാ | 6:20-26 |
| ആഗസ്റ്റ് 02- | യോഹ. | 12:23-28 |
| ആഗസ്റ്റ് 03 - | മർക്കോ | 11:12-14 |
| ആഗസ്റ്റ് 04- | യോഹ | 20:19-29 |
| ആഗസ്റ്റ് 05- | ലൂക്കാ | 14:15-24 |
| ആഗസ്റ്റ് 06- | മത്താ. | 17:1-9 |
| ആഗസ്റ്റ് 07- | മത്താ | 23:34-39 |
| ആഗസ്റ്റ് 08 - | ലൂക്കാ | 4:25-30 |
| ആഗസ്റ്റ് 09- | മർക്കോ | 1:16-20 |
| ആഗസ്റ്റ് 10- | മത്താ. | 10:5-15 |
| ആഗസ്റ്റ് 11- | മർക്കോ | 8:22-26 |
| ആഗസ്റ്റ് 12- | ലൂക്കാ. | 9:49-56 |
| ആഗസ്റ്റ് 13- | മർക്കോ | 7:1-13 |
| ആഗസ്റ്റ് 14- | ലൂക്കാ. | 18:25-30 |
| ആഗസ്റ്റ് 15- | യോഹ. | 2:1-12 |
| ആഗസ്റ്റ് 16- | മത്താ. | 9:35-10:1 |
| ആഗസ്റ്റ് 17- | ലൂക്കാ | 12:49-53 |
| ആഗസ്റ്റ് 18- | മത്താ. | 22:34-40 |
| ആഗസ്റ്റ് 19- | മത്താ. | 11:20-24 |
| ആഗസ്റ്റ് 20- | ലൂക്കാ. | 16:19-31 |
| ആഗസ്റ്റ് 21- | മർക്കോ | 4:26-34 |
| ആഗസ്റ്റ് 22- | യോഹ | 4:27-38 |
| ആഗസ്റ്റ് 23- | മത്താ. | 7:15-20 |
| ആഗസ്റ്റ് 24- | ലൂക്കാ | 6:12-19 |
| ആഗസ്റ്റ് 25- | മത്താ. | 10:16-25 |
| ആഗസ്റ്റ് 26- | മർക്കോ | 13:3-13 |
| ആഗസ്റ്റ് 27- | ലൂക്കാ | 17:11-19 |
| ആഗസ്റ്റ് 28- | ലൂക്കാ. | 6:43-45 |
| ആഗസ്റ്റ് 29- | മർക്കോ | 10:35-45 |
| ആഗസ്റ്റ് 30- | മത്താ. | 24:37-44 |
| ആഗസ്റ്റ് 31- | മത്താ. | 12:46-50 |
| സെപ്റ്റം. 1 - | യോഹ | 15:18-25 |
| സെപ്റ്റം. 2 - | ലൂക്കാ | 21:5-6 |
| സെപ്റ്റം. 3 - | ലൂക്കാ | 18:1-8 |
| സെപ്റ്റം. 4 - | മർക്കോ | 13:14-23 |
| സെപ്റ്റം. 5 - | ലൂക്കാ | 14:1-6 |
| സെപ്റ്റം. 6 - | മർക്കോ | 5:1-13 |
| സെപ്റ്റം. 7 - | മത്താ. | 13:10-17 |
| സെപ്റ്റം. 8 - | മത്താ. | 1:1-16 |
| സെപ്റ്റം. 9 - | മർക്കോ | 2:13-17 |

# നിയമബോധനം

## അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**

അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

**ന്യൂനപക്ഷ ക്ഷേമവകുപ്പിലൂടെ നമുക്കു ലഭിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ**

തുടർച്ച 2

**1. ന്യൂനപക്ഷ ക്ഷേമ പദ്ധികൾ**

സർക്കാരുകളുടെ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധികളുടെ നിർവഹണവും പ്രവർത്തന മേൽനോട്ടവുമാണ് വകുപ്പിന്റെയും ഡയറക്ടറേറ്റിന്റെയും ചുമതല. **എല്ലാ ജില്ലാ കളക്ടറേറ്റിലും ന്യൂനപക്ഷ സെല്ലുകൾ പ്രവർത്തിക്കുന്നു.** ചില സ്കോളർഷിപ്പുകൾക്ക് വാർഷിക വരുമാനം ആറ് ലക്ഷം രൂപ (മാസം 50,000/- രൂപ) വരെയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

**സ്കോളർഷിപ്പുകൾ**

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് - മെട്രിക് സ്കോളർഷിപ്പ്
3. മെറിറ്റ് - കം- മീൻസ് സ്കോളർഷിപ്പ്
4. ടാലന്റഡ് സ്കോളർഷിപ്പ്
5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന സ്കോളർഷിപ്പ്
6. ചാർട്ടേർഡ് അക്കൗണ്ടൻസി /കോസ്റ്റ് വർക്ക് അക്കൗണ്ടൻസി
7. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്
8. ഗവേഷണത്തിനുള്ള സ്കോളർഷിപ്പ്

**മറ്റ് പ്രവർത്തനങ്ങൾ**

1. കരിയർ ഗൈഡൻസ് പരിശീലനം - എസ്.എസ്. എൽ.സി., +2, വി.എച്ച്. എസ്.സി. വിദ്യാർത്ഥികൾക്ക്.
2. ന്യൂനപക്ഷ വിധവകൾക്ക് ഭവന നിർമ്മാണപദ്ധതി
3. ന്യൂനപക്ഷ വനിതകൾക്ക് നേതൃപരിശീലനം
4. സ്വയം സഹായ സംഘങ്ങൾക്ക് (എസ്.എച്ച്.ജി) ധനസഹായം.

**2. കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ** (KSWCFC)

കേരളത്തിലെ 26 ശതമാനം വരുന്ന സംവരണം ലഭിക്കാത്ത സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്ക് നിൽക്കുന്നവരുടെ അഭിവൃദ്ധിക്കുവേണ്ടി ഭാരതത്തിൽ രൂപീകരിച്ച പ്രഥമ സംരംഭമാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി)താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**എ. സ്കോളർഷിപ്പുകൾ**

ഹൈസ്കൂൾ മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ള പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. CA/ICWA, CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും IIT, IIM, NIT .തുടങ്ങിയ ദേശീയനിലവാരുള്ള

സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവർക്കും പ്രത്യേകം സ്കോളർഷിപ്പുകൾ ലഭ്യമാണ്.

**ബി. പരീക്ഷാ പരിശീലന സഹായം**

1. മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷാ പരിശീലന സഹായം
2. സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലന സഹായം
3. പി.എസ്.സി/യു.പി.എസ്.സി/ ബാങ്ക് തുടങ്ങിയ പരീക്ഷകൾക്കുള്ള സഹായം

കുടുംബത്തിന്റെ വാർഷിക വരുമാനം നാലര ലക്ഷം രൂപ (മാസം 37,000/-) യിൽ കുറവായ മുന്നോക്ക സമുദായത്തിൽ നിന്നുള്ളവർക്കാണ് ഈ സഹായം ലഭിക്കുക.

**സി. ധനസഹായ പദ്ധതി**

1. സ്വയം സഹായ സംഘങ്ങൾക്കും കൂട്ടുത്തരവാദിത്വ സംഘങ്ങൾക്കും സഹായം
2. കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി
3. തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി
4. വനിതാ സംരംഭക്ത്വ നൈപുണ്യ വികസന പരിശീലന പദ്ധതി.

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ**

| | | | |
|---|---|---|---|
| കൃഷിഭൂമി വായ്പ | പരമാവധി വായ്പ | 2,00,000, | പലിശ 5.5% |
| ഭവന നിർമ്മാണ വായ്പ | പരമാവധി വായ്പ | 2,00,000, | പലിശ 5% |
| ഭൂരഹിത ഭവനരഹിത വായ്പ | പരമാവധി വായ്പ | 3,00,000, | പലിശ 5% |
| ഭവന പുനരുദ്ധാരണ വായ്പ | പരമാവധി വായ്പ | 50,000 | പലിശ 6% |
| വിവാഹ വായ്പ | പരമാവധി വായ്പ | 1,00,000, | പലിശ 4% |

വരുമാന പരിധി ഗ്രാമങ്ങളിൽ 81,000 രൂപ, നഗരങ്ങളിൽ 1,03,000

പ്രായപരിധി 18-55

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

| | |
|---|---|
| സ്വയം തൊഴിൽ വായ്പ | |
| പരമാവധി ലോൺതുക | |
| ഇന്ത്യയ്ക്കകത്ത് | 10 ലക്ഷം |
| ഇന്ത്യയ്ക്കു പുറത്ത് | 20 ലക്ഷം |
| പലിശ | 3% |
| ലഘു വായ്പ പദ്ധതി | |
| സന്നദ്ധ സംഘടനകൾക്ക് | 2,50,000 |
| സ്വയം സഹായസംഘത്തിലെ ഒരംഗത്തിന് | 50,000 |
| പലിശനിരക്ക് സന്നദ്ധ സംഘടനകൾക്ക് | 5% |
| വാർഷിക വരുമാന പരിധി | |

ഗ്രാമങ്ങളിൽ 81,000 , നഗരങ്ങളിൽ 1,03,000

**കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾക്ക് മാത്രമായി ദേശീന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായ പദ്ധതികളും, ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന പിന്നോക്ക സമുദായങ്ങൾക്കായി ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

**ന്യൂനപക്ഷങ്ങൾക്കായുള്ള പദ്ധതികൾ**

**സ്വയം തൊഴിൽ വായ്പ**

| | | |
|---|---|---|
| പരാമവധി വായ്പാ തുക | - | 10 ലക്ഷം |
| പലിശ 50,000 വരെ | - | 5% |
| 50,000 രൂപയ്ക്ക് മുകളിൽ | - | 6% |

**വിദ്യാഭ്യാസ വായ്പ**

| | | |
|---|---|---|
| പരമാവധി വായ്പാ തുക | | |
| ഇന്ത്യയ്ക്കകത്ത് | - | 5 ലക്ഷം |
| ഇന്ത്യയ്ക്ക് പുറത്ത് | - | 20 ലക്ഷം |
| പലിശ | - | 3% |

മൈക്രോ- ക്രെഡിറ്റ് പദ്ധതി

| | | |
|---|---|---|
| ഗുണഭോക്താവിനുള്ള പരമാവധി തുക | - | 25,000 രൂപ |
| NGO നുള്ള പലിശ | - | 2 % |
| ഗുണിഭോക്താവിന് | - | 6% |

മേൽ വായ്പകൾക്കുള്ള വാർഷിക വരുമാന പരിധി ഗ്രാമങ്ങളിൽ 81,000/- രൂപയും നഗരങ്ങളിൽ 1,03,000/- രൂപയുമാണ്.

**സബ്ബ് കോടതി**

10 ലക്ഷത്തിനു മുകളിൽ വരുന്ന സംഖ്യ സംബന്ധിച്ചുള്ള സിവിൾ കേസ്സുകളും സബ്ബ് കോടതിയാണ് വിചാരണയ്ക്ക് എടുക്കുന്നത്. നമ്മുടെ സബ്ബ് കോടതി പാലായിൽ ആണ് പ്രവർത്തിക്കുന്നത്. സബ്ബ് കോടതികൾ അസിസ്റ്റന്റ് സെഷൻസ് കോടതികളായും ചില പ്രത്യേക അനുവാദത്തോടെ അഡീഷണൽ ജില്ലാ കോടതികളായും പ്രവർത്തിക്കുന്നു.

**ജില്ലാ കോടതി**

കേരളത്തിലെ എല്ലാ ജില്ലകൾക്കും ഓരോ ജില്ലാ കോടതികളുണ്ട്. നമ്മുടെ ജില്ലാ കോടതി കോട്ടയത്ത് സിവിൾ സ്റ്റേഷനിൽ നിലവിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടങ്ങളിൽ കോടതികൾ പ്രവർത്തിക്കണമെന്നുള്ള നിബന്ധനവന്നതിനാൽ കോട്ടയത്തും സമീപഭാവിയിൽ ഒരു കോടതി സമുച്ചയം ഉണ്ടാകുന്നതാണ്.

**ജില്ലാ സെഷൻസ് കോടതി**

കൊലപതാകം, തട്ടികൊണ്ടുപോകൽ, റേപ്പ്, അബ്കാരി തുടങ്ങിയ ഗൗരവമായ കുറ്റങ്ങൾ വിചാരണ ചെയ്യുന്നത് ഈ കോടതിയിലാണ്. കൂടുതൽ കേസ്സുകളുള്ളപ്പോൾ ഏതാനും നാളുകളിലേക്ക് അഡീഷണൽ ജില്ലാ കോടതികൾ സ്ഥാപിക്കാറുണ്ട്. മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നതും സെഷൻസ് കോടതികളിലാണ്.

**ഹൈക്കോടതി**

ജില്ലാ കോടതികളുടെ തീർപ്പുകളിന്മേലുള്ള അപ്പീലുകൾ, റിവിഷൻ പെറ്റഷീൻസ്, ഭരണ ഘടനാപരമായി നമുക്കു ലഭിക്കേണ്ട അവകാശങ്ങളുടെ ലംഘനങ്ങളിന്മേലുണ്ടതും മനുഷ്യാവകാശലംഘനങ്ങളിന്മേലുള്ള റിട്ടു ഹർജികൾ തുടങ്ങിയവ ഹൈക്കോടതികളിലാണ് ഫയൽ ചെയ്യുന്നത്. നമ്മുടെ ഹൈക്കോടതി എറണാകുളത്ത് പ്രവർത്തിച്ചുവരുന്നു. തിരുവനന്തുപുരത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ച് പ്രവർത്തിക്കണമെന്നുള്ള ദീർഘകാല ആവശ്യങ്ങൾ നടപ്പാക്കിയിട്ടില്ല. ഹൈക്കോടതിയിലെ ജഡ്ജിമാരെ ജസ്റ്റീസ് എന്നാണ്

വിളിക്കുന്നത്. ഹൈക്കോടതിയുടെ ഉന്നതാധികാരി ചീഫ് ജസ്റ്റീസാണ്. മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതിയിലും സമർപ്പിക്കാവുന്നതാണ്.

**സുപ്രീം കോടതി**

ഇന്ത്യയുടെ പരമോന്നത നീതി പീഠമായ സുപ്രിം കോടതി രാജ്യത്തിന്റെ തല സ്ഥാനമായ ഡൽഹിയിൽ പ്രവർത്തിക്കുന്നു. വിവിധ സ്റ്റേറ്റുകളിലെ ഹൈക്കോടതികളുടെ ഉത്തരവുകളും ഭരണഘടനാപരമായ നിവൃത്തികളും മൗലികാവകാശ പ്രശ്നങ്ങളും മറ്റും പ്രധാനമായും സുപ്രീം കോടതിയിൽ പരിഗണിക്കപ്പെടുന്നു. മുൻസിഫ്/ മജിസ്ട്രേറ്റ്/ ട്രൈബ്യൂണലുകളിൽ തുടങ്ങുന്ന വ്യവഹാരങ്ങളുടെ അവസാന തീരുമാനം സുപ്രിം കോടതിയിൽ അവസാനിക്കുന്നു.

**അദാലത്ത് കോടതികൾ**

അനുരഞ്ജനത്തിന്റെ പാതയിൽ പ്രശ്നങ്ങൾ തീർത്ത് അവാർഡ് പാസ്സാക്കുന്നതിനുള്ള അധികാരം നിലനിർത്തിക്കൊണ്ട് താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിലും ഹൈക്കോർട്ടിലും ലീഗൽ സർവ്വീസ് കമ്മറ്റി പ്രവർത്തിച്ചു വരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ എതൃകക്ഷികളായി വരുന്ന പരാതികളിൽ അദാലത്തിൽ നിന്നുള്ള നോട്ടീസിന്മേൽ ഹാജരാകണമെന്നുള്ളതാണ് ചട്ടം പരാതിക്കാരനും എതൃകക്ഷിയുമുണ്ടെങ്കിൽ പ്രശ്നത്തിന്റെ സാദ്ധ്യതകളും ഗൗരവവും ഇരുകൂട്ടരെയും പറഞ്ഞുമനസ്സിലാക്കി തീരുമാനം സ്വമനസാലെ കക്ഷികൾക്ക് എടുക്കുന്നതിനുള്ള അവസരം ഉണ്ടാക്കുകയും ഇത് അവാർഡാവുകയും ചെയ്യുന്നു. ഈ അവാർഡ് കോടതികളുടെ ഡിക്രിക്ക് തുല്യമായിട്ടുള്ളതാകയാൽ അവയിന്മേൽ ലംഘനങ്ങളുണ്ടാകുന്ന പക്ഷം സിവിൾ കോടതി മുമ്പാകെ വിധി നടത്തു ഹർജി ബോധിപ്പിക്കാവുന്നതാണ്. എന്നാൽ കക്ഷികളെ നിർബന്ധിക്കുന്നതിനോ, കക്ഷികളുടെ അഭാവത്തിൽ തീരുമാനം എടുക്കുന്നതിനോ അദാലത്തു കൾക്കാവില്ല. കാഞ്ഞിരപ്പള്ളി കോടതി സമുച്ഛയത്തിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മറ്റി (അദാലത്ത്) സ്ഥിരമായി പ്രവർത്തിച്ചുവരുന്നു.

നീതി ന്യായകോടതികളുടെ സംവിധാനങ്ങളിൽ പ്രവർത്തനം ആരംഭിച്ച ട്രൈബ്യൂണലുകൾ, ഓംബുഡ്സ്മാൻ, ലോകായുക്തകൾ എന്നിവയെകുറിച്ചും സ്മോൾ കോസ്സസ് കോടതികളെക്കുറിച്ചും സമീപകാലത്തു പ്രവർത്തനം ആരംഭിച്ച ഗ്രാമന്യായാല ങ്ങളെക്കുറിച്ചും പിന്നീടുള്ള ഏതെങ്കിലും ലക്കങ്ങളിൽ വിവരിക്കുന്നതാണ്.

വസ്തുക്കൾ സംബന്ധിച്ചുള്ളതും അവയുടെ പിൻതുടർച്ചാവകാശങ്ങൾ സംബന്ധിച്ചും, വസ്തു കൈമാറ്റ നിയമങ്ങളെക്കുറിച്ചും, ട്രസ്റ്റ് സ്വത്തിനെ കുറിച്ചും മുക്ത്യാർ ഏജന്റ് നടത്തുന്ന വസ്തുകൈമാറ്റത്തെക്കുറിച്ചും, അന്യം നിന്നതും ഉപേക്ഷിക്കപ്പെട്ടതുമായ വസ്തുക്കളെക്കുറിച്ചും, പട്ടിക വർഗ്ഗക്കാരുടെ വസ്തു കൈമാറ്റത്തെക്കുറിച്ചും, അന്യാധീനപ്പെട്ട മൈനർമാരുടെയും മാനസികരോഗികളുടെയും വസ്തുക്കളുടെ വീണ്ടെടുക്കൽ സംബന്ധിച്ചും, അന്യന്റെ കൈവശത്തിലോ അനുഭവ ത്തിലോ അകപ്പെട്ട വസ്തുക്കൾ സംബന്ധിച്ചും പ്രമാണങ്ങളിലും പൊതുരേഖകളിലും തെറ്റുവന്നാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയേണ്ട തുണ്ടെന്നുള്ള വായനക്കാരുടെ ആവശ്യം പരിഗണിച്ച് ആവക കാര്യങ്ങളെക്കുറിച്ച് അടുത്ത ലക്കം മുതൽ പ്രതിപാദിക്കുന്നതാണ്.

# സ്നേഹ സ്മരണയ്ക്ക്




**വർക്കി പൗലോസ്,**
**ഈറ്റുവേലിൽ**

**സജി പൗലോസ്,**
**ഈറ്റുവേലിൽ**

**മേരി പൗലോസ്**
**ഈറ്റുവേലിൽ**

# സ്നേഹ സ്മരണയ്ക്ക്



## മറിയം തോമസ്

**കാലായിൽ**

**മരണം: 3–7–2015**

*നിങ്ങളുടെ പ്രാർത്ഥനയിൽ*
*എന്നെയും സ്മരിക്കണമെ.*


Oasis Leisure Tours
എയർ ടിക്കറ്റ്
ബസ് ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651